# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | സെന്റ് മേരിസ് എൽ പി സ്കൂൾ |
| മേൽവിലാസം | : | മഞ്ഞപ്ര പി ഓ അങ്കമാലി |
| ഫോൺ നമ്പർ | : | 0484 2692662 |
| സ്കൂൾ കോഡ് | : | 25435 |
| വിദ്യാഭ്യാസ ഉപജില്ല | : | അങ്കമാലി |
| വിദ്യാഭ്യാസ ജില്ല | : | എറണാകുളം |
| റവന്യൂ ജില്ല | : | ആലുവ |
| ബി .ആർ .സി | : | നടുവട്ടം |
| ഗ്രാമപഞ്ചായത്ത് | : | മഞ്ഞപ്ര |
| ബ്ലോക്ക് പഞ്ചായത്ത് | : | അങ്കമാലി |
| ജില്ലാ പഞ്ചായത്ത് | : | എറണാകുളം |
| നിയമസഭാ മണ്ഡലം | : | ചാലക്കുടി |
| ലോകസഭാ മണ്ഡലം | : | അങ്കമാലി |
| താലൂക്ക് | : | ആലുവ |
| വില്ലേജ് | : | മഞ്ഞപ്ര |
| ഇമെയിൽ വിലാസം | : | stmaryslpschool@gmail.com |
| ഫേസ്ബുക്ക് | : | St Mary’s LPSchool Manjapra |
| യൂട്യൂബ് | : | st mary’s Manjapra |
| സ്കൂൾ വിക്കി | : | St Mary’s |

# സെന്റ് മേരിസ്  എൽപി സ്കൂൾ മഞ്ഞപ്ര

എറണാകുളം വിദ്യാഭ്യാസ ജില്ലയിലെ അങ്കമാലി ഉപജില്ലയിൽ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിൽ മഞ്ഞപ്ര എന്ന നയന മനോഹരമായ ഗ്രാമത്തിലാണ് സെന്റ് മേരിസ് എൽ പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഇത് ഒരു എയ്ഡഡ് വിദ്യാലയമാണ്. 1929 ഓഗസ്റ്റ് 20 തീയതിയാണ് ഈ സ്ഥാപനം പ്രവർത്തനം ആരംഭിച്ചത്. മഞ്ഞപ്രയുടെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പുരോഗതിക്ക് അടിത്തറയേകാൻ ഈ സരസ്വതി ക്ഷേത്രം ഹരിശ്രീ കുറിക്കുന്നു. പഠനതലത്തിൽ മാത്രമല്ല മറ്റെല്ലാ രംഗങ്ങളിലും നല്ല നിലവാരം പുലർത്തുന്ന ഒരു സ്കൂളായി ഈ വിദ്യാലയം മികവ് തെളിയിച്ചുകൊണ്ടിരിക്കുന്നു. അങ്കമാലി സബ്ജില്ലയിലെ  ബെസ്റ്റ് സ്കൂൾ ട്രോഫി, കലോത്സവം ഫസ്റ്റ് ഓവറോൾ, വർക്ക് എക്സ്പീരിയൻസ് സെക്കന്റ് ഓവറോൾ, മോറൽ സയൻസിൽ രൂപത തല റാങ്കുകൾ തുടങ്ങിയവ കരസ്ഥമാക്കി കൊണ്ടിരിക്കുന്നു. പ്രാർത്ഥന, ക്ലാസുകൾ, സന്മാർഗ ബോധനം തുടങ്ങിയവയിലൂടെ ആധ്യാത്മികമായും കുട്ടികളെ വളർത്താൻ അധ്യാപകർ സർവ്വാത്മനാ ശ്രമിക്കുന്നു. മഞ്ഞപ്ര നാടിന്റെ അനുഗ്രഹ വഴികളിൽ ഒന്നായ സെന്റ്മേരിസ് എൽ പി സ്കൂൾ 2009 ൽ പുതുക്കി പണിത് ഉദ്ഘാടനം ചെയ്തെങ്കിലും സാങ്കേതിക കാരണങ്ങളാൽ ഈ കെട്ടിടം ജ്യോതിസ് വിദ്യാലയത്തിന് വിട്ടുകൊടുക്കേണ്ടി വന്നു. ജ്യോതിസ് സ്കൂളിന്റെ വലതുവശത്ത് ഇപ്പോഴുള്ള കെട്ടിടം മനോഹരമായി പണികഴിപ്പിച്ച എൽപി സ്കൂൾആക്കി. 2011 സെപ്റ്റംബർ 11 ന് പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തു. 2025 ൽ സ്കൂൾ കെട്ടിടത്തോട് ചേർന്ന് പുതിയൊരു ടോയ്‌ലറ്റ്  ബ്ലോക്ക് നിർമ്മിച്ചു . ജില്ലയിൽ മികച്ച എൽപി സ്കൂൾ വിദ്യാലയമായി വളർന്നുകൊണ്ടിരിക്കുന്നു. ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ് സി. ഹിതാ ജോസാണ്. ഏകദേശം 200 കുട്ടികൾ അധ്യായനം നടത്തുന്നു. ഈ വിദ്യാലയത്തിന്റെ ഹെഡ്മിസ്ട്രസുമാരായി സി. മെലാനി, സി. ജോർജിയ, സി. ഗൈൽസ്, സി.റോസെല്ലോ, സി അമബില്ലിസ്, സി. ലോറൈൻ, സി. സിൽവി, സി. ജെയ്സ് മേരി, സി. റാണി ഗ്രേസ്, സി. എൽസ ഗ്രേസ് തുടങ്ങിയവർ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

# ആമുഖം

## പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും . എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങൾ ആക്കുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പ്രോജക്ടുകളെയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് എസ്എം.എൽ.പി എസ് മഞ്ഞപ്ര. പൊതുസമൂഹത്തിന്റെ പിന്തുണ കൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്ത് പകരാൻ ഏറെ സഹായകമായ രീതിയിൽ ആണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത് ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ.

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ച് എന്ന് ഉറപ്പുവരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക.
3. 'ഓരോ കുട്ടിയും ഒന്നാമൻ ആണെന്ന് 'ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക.
4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.
5. ആധുനിക സാങ്കേതികവിദ്യസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്റൂമുകളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കുക. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തുക.
6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്കരിക്കുക.
7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകുക. ഇതിനായി വ്യക്തിഗത പി.ടി.എ / കോർണർ പി.ടി .എ.കൾ എന്നിവ ചേരുക.
8. ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ് .ആർ. ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കുക.
9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റുക.
10. ആശയപ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായികമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. അപകർഷതാബോധം ഒഴിവാക്കി 'ആക്ടിവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.
11. ജൈവവൈവിധ്യകലവറയായി വിദ്യാലയത്തെ മാറ്റുക.
12. ഹരിതപെരുമാറ്റചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് , മലിനജല നിർമാർജ്ജനം തുടങ്ങിയ കൃത്യമായി നടപ്പാക്കൽ .
13. ഹരിത സേന രൂപീകരിക്കൽ.
14. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥ സംഘങ്ങൾ രൂപീകരിക്കൽ.
15. വിദ്യാലയം ഹൈടെക് ആക്കി മാറ്റുക.